# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 1963 — 08.12.2014 ൽ മറുപടിയ്ക്ക്

### ലോക്സഭാ തെരഞ്ഞെടുപ്പ് നടത്തിപ്പ് ചെലവിൽ അഴിമതി

| ചോദ്യം<br>ശ്രീ.കെ.വി.അബ്ദുൽ ഖാദർ | മറുപടി<br>ശ്രീ.ഉമ്മൻചാണ്ടി, മുഖ്യമന്ത്രി |
|---|---|
| (എ) ഇക്കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പ് നടത്തിപ്പ് ചെലവിൽ അഴിമതി നടന്നതായുള്ള ആക്ഷേപങ്ങൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ അത് സംബന്ധമായ അന്വേഷണം ഏതു ഘട്ടത്തിലാണ്; കുറ്റാരോപിതരായ ഉദ്യോഗസ്ഥന്മാർ ആരൊക്കെയാണ്; ഇവർ ഇപ്പോഴും സർവ്വീസിൽ തുടരുന്നുണ്ടോ; | 2014- ലെ ലോക്സഭാ തെരഞ്ഞെടുപ്പ് നടത്തിപ്പ് ചെലവിൽ തിരുവനന്തപുരം ജില്ലാകളക്ടറേറ്റിൽ അഴിമതി നടന്നതായി ചീഫ് ഇലക്ടറൽ ഓഫീസർക്ക് ആക്ഷേപം ലഭിച്ചിരുന്നു. അവ വിശദമായ അന്വേഷണത്തിനും റിപ്പോർട്ടിനുമായി തിരുവനന്തപുരം ജില്ലാ കളക്ടർക്ക് നല്കുകയുണ്ടായി. ടി വിഷയത്തിൽ എ.ഡി.എം മുഖാന്തിരം വിശദമായ അന്വേഷണം നടത്തുന്നതായും പൊതുതെരഞ്ഞെടുപ്പ് സമയത്ത് ജില്ലയിലെ ഇലക്ഷൻ വിഭാഗത്തിൽ ജോലി ചെയ്തിരുന്ന ജൂനിയർ സൂപ്രണ്ട് ശ്രീ. എസ് രമേശ് സീനിയർ ക്ലാർക്ക് ശ്രീ. എസ്.എസ്. സന്തോഷ് കുമാർ, , ഓഫീസ് അറ്റൻറൻറ് ശ്രീ. രെഞ്ജു എന്നീ ആരോപണ വിധേയരെ സ്ഥലം മാറ്റിയതായും, 20.09.2014 - ലെ പ്രാഥമിക റിപ്പോർട്ട്, 03.12.2014-ലെ കത്ത് എന്നിവ പ്രകാരം കളക്ടർ അറിയിച്ചിട്ടുണ്ട്. ടി ഉദ്യോഗസ്ഥർ സ്ഥലം മാറ്റം ലഭിച്ച സെക്ഷനുകളിൽ ഇപ്പോഴും ജോലി ചെയ്തുവരുന്നു. |
| (ബി) ഏതെല്ലാം കളക്ടർമാർ തെരഞ്ഞെടുപ്പ് നടത്തിപ്പ് ചെലവിലെ അഴിമതി സംബന്ധമായി അന്വേഷണവും പരിശോധനയും നടത്തുകയുണ്ടായിട്ടുണ്ട്; ചീഫ് ഇലക്ടറൽ ഓഫീസർക്ക് ഏതെല്ലാം കളക്ടർമാർ റിപ്പോർട്ട് നൽകിയിട്ടുണ്ട്? | തിരുവനന്തപുരം ജില്ലയിലെ തെരഞ്ഞെടുപ്പ് നടത്തിപ്പ് സംബന്ധിച്ച് മാത്രമേ അഴിമതി ആരോപണം ഉന്നയിക്കപ്പെട്ടിട്ടുള്ളൂ. ആയതിനാൽ തിരുവനന്തപുരം ജില്ലാകളക്ടർ മാത്രമേ അന്വേഷണം നടത്തിയിട്ടുള്ളു. ഇദ്ദേഹം ഒരു പ്രാഥമിക റിപ്പോർട്ട് ചീഫ് ഇലക്ടറൽ ഓഫീസർക്ക് സമർപ്പിച്ചിട്ടുണ്ട്. വിശദമായ അന്വേഷണ റിപ്പോർട്ട് ഉടൻ നല്കുവാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ